# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.60** — 9/02/2016-ൽ മറുപടിക്ക്

## ചെറുകിട ജലവൈദ്യുത നയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,,എ.പി. അബ്ദുള്ളക്കുട്ടി<br>,,വർക്കല കഹാർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത നയം പ്രഖ്യാപിച്ചിട്ടുണ്ടോ? വിശദമാക്കുമോ? | (എ) ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മിതി ത്വരിതപ്പെടുത്താനും ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും വേണ്ടി 3/10/2012-ൽ ഈ സർക്കാർ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള നയം പുതുക്കിയിട്ടുണ്ട്. 25 MW ശേഷിവരെയുള്ള പദ്ധതികൾക്ക് മാത്രമായുള്ള പ്രസ്തുത നയം, മത്സരാധിഷ്ഠിത ദർഘാസ് വഴി വരുന്ന സംരംഭകർക്ക് 30 വർഷത്തേയ്ക്ക് BOOT (Built, Own, Operate, Transfer) അടിസ്ഥാനത്തിൽ ഇന്റിപെന്റന്റ് പവർ പ്രോജക്ട്സ് ആയോ ക്യാപ്റ്റീവ് പവർ പ്രോജക്ട്സ് ആയോ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനുശേഷംഈ പദ്ധതികൾ സർക്കാരിലേയ്ക്ക് തിരിച്ചു നൽകേണ്ടതും ആണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് നയം നടപ്പാക്കുന്നത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്? വിശദാംശങ്ങൾ എന്തെല്ലാം? | (ബി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഊർജ്ജ സുരക്ഷ കൈവരിക്കുന്നതിന് പ്രകൃതി വിഭവങ്ങളെ ഉപയോഗപ്പെടുത്തി ഹരിത ഊർജ്ജം പരമാവധി ഉല്പാദിപ്പിക്കുക, സാമൂഹ്യ സാമ്പത്തിക വികസനത്തിന് ഇത്തരത്തിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുകയും ഇതിലൂടെ ഗ്രാമീണ മേഖലയിലെ ഊർജ്ജ ആവശ്യങ്ങൾ ഒരു പരിധിവരെ പരിഹരിക്കുകയും |

ചെയ്യുക, ഈ മേഖലയിൽ നിക്ഷേപം ആകർഷിക്കുവാൻ വേണ്ടിയുള്ള സാഹചര്യമൊരുക്കുക. സംസ്ഥാനത്തെ ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിച്ച് 2017-ഓട്ടുകൂടി 150MW-ന്റെ അധിക സ്ഥാപിത ശേഷി വർദ്ധനവ് കൈവരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ നയം വഴി ഉദ്ദേശിക്കുന്നത്.

| | |
|---|---|
| (സി) പ്രസ്തുത നയം നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) സംരംഭകർ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പ് അദ്ധ്യക്ഷൻമാർ അംഗങ്ങളായ ഏക ജാലക സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ സമർപ്പിക്കപ്പെടുന്ന പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിലേയ്ക്കായി ഈ മേഖലയിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഒരു കമ്മറ്റിയും പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**